II ഇ.ബി. XIV-കേരള നിയമസഭ /II-7

# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 ഒക്ടോബർ 17, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

19 (*301) സംസ്ഥാനത്തെ പേവിഷമുക്തമാക്കാൻ നടപടി

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) നൽകിയ മറുപടിയിൽ, നായ്ക്കളുടേയും മറ്റുമൃഗങ്ങളുടേയും കടിയേൽക്കുന്നവർക്ക് രോഗപ്രതിരോധ കുത്തിവയ്പ്പുകൾ ലഭ്യമാക്കുന്നതിന് ആശുപത്രികളുടെ ആവശ്യത്തിനനുസരിച്ച് റാബീസ് വാക്സിൻ, ഇക്യൂൻ ആന്റിറാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ എന്നീ പേവിഷ പ്രതിരോധ മരുന്നുകളുടെ വിതരണം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന നടത്തുന്നുണ്ടെന്ന് സഭയെ അറിയിച്ചു. മുൻകാലങ്ങളിൽ മെഡിക്കൽ കോളേജ് മുതൽ താലൂക്കാശുപത്രിവരെ

വിതരണം ചെയ്തിരുന്ന ഇക്വൈൻ ആന്റിറാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ എന്ന ഇനം മരുന്ന് പട്ടികടിയേറ്റവരുടെ ഗണ്യമായ വർദ്ധനവിനെത്തുടർന്ന് തെരഞ്ഞെടുത്ത പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും ലഭ്യമാക്കുന്നുണ്ടെന്നും പേവിഷ പ്രതിരോധ പദ്ധതി ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി പ്ലാനിംഗ് ബോർഡിൽ നിന്നും ആന്റി റാബീസ് കാമ്പയിനിന്റെ ഭാഗമായി ലഭിച്ച 5 കോടി രൂപ മൂല്യം വരുന്ന പേവിഷ പ്രതിരോധ മരുന്നുകളുടെ അധിക സംഭരണം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി പുരോഗമിക്കുകയാണെന്നും മന്ത്രി വ്യക്തമാക്കി. മൃഗസംരക്ഷണ വകുപ്പ് മുഖേന എല്ലാ വളർത്തുനായ്ക്കൾക്കും പേവിഷ പ്രതിരോധ വാക്സിൻ നൽകുന്നതിനുള്ള നടപടികൾ ഒക്ടോബർ 31-ഓടെ പൂർത്തിയാക്കുന്നതിനും രണ്ടാം ഘട്ടമായി എല്ലാ തെരുവുനായ്ക്കൾക്കും പ്രതിരോധ കുത്തിവയ്പ് നൽകുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ വന്ധ്യംകരണ (ABC) ശസ്ത്രക്രിയാ പദ്ധതിക്കായി വകുപ്പിന്റെ കീഴിലുള്ള തെരഞ്ഞെടുത്ത 51 മൃഗാശുപത്രികളിൽ ശസ്ത്രക്രിയ നടത്തുന്നതിനും പാലോട് പ്രവർത്തിക്കുന്ന ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസ്, തിരുവല്ലയിലെ റീജിയണൽ ലബോറട്ടറി, കൊല്ലം ജില്ലാ വെറ്ററിനറി കേന്ദ്രം, പാലക്കാടും കണ്ണൂരുമുള്ള ലബോറട്ടറികൾ എന്നിവിടങ്ങളിൽ പേവിഷബാധ നിർണ്ണയ സൗകര്യങ്ങൾ

ഏർപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. പേവിഷബാധയേറ്റവർക്ക് ചികിത്സാ സഹായ പദ്ധതിയിലുൾപ്പെടുത്തി സഹായം നൽകുന്നുണ്ടെന്നും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുനടത്തുന്ന പ്രവർത്തനങ്ങളിലൂടെ രണ്ടുമൂന്നുവർഷങ്ങൾകൊണ്ട് നായ്ക്കളുടെ എണ്ണം ഗണ്യമായി കുറയ്ക്കാൻ സാധിക്കുമെന്നും നായ്ക്കളെ സ്റ്റെറിലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തുകളിൽ ഡോഗ് ഷെൽട്ടർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. തെരുവുനായ്ക്കളെ സംരക്ഷിക്കുന്നതിന് മുന്നോട്ടുവരുന്നവരെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം അതിനാവശ്യമായ സഹായങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകുമെന്ന് മുഖ്യമന്ത്രിയും പാലോട് വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പേവിഷ പ്രതിരോധ വാക്സിൻ ഉത്പാദനത്തിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രിയും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് സഭയെ അറിയിച്ചു.

20 (*302) <u>ദൃശ്യമാധ്യമങ്ങളിൽ മരുന്നുകളുടെ പരസ്യം</u>

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ ദൃശ്യമാധ്യമങ്ങളിലൂടെയുള്ള മരുന്നുകളുടെ പരസ്യം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഇത്തരം പരസ്യങ്ങൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ വിഭാഗം ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വർടൈസ്മെന്റ്) ആക്ട് അനുസരിച്ച് നടപടി സ്വീകരിച്ചുവരികയാണെന്നും സഭയെ അറിയിച്ചു. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾ ഭേദഗതി പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് ആയുർവ്വേദ മരുന്നുകളുടെ പരസ്യം നിയന്ത്രിക്കുന്നതോടൊപ്പം ഇത്തരത്തിലുള്ള ഉത്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ കൊടുക്കുന്നതിനുള്ള പരിശോധനകൾ കർശനമാക്കുന്നതിനും സാധിക്കും. ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം മാത്രം ഉപയോഗിക്കാൻ കഴിയുന്ന മരുന്നുകൾ പരസ്യം വഴി വില്പന നടത്തുന്ന ഔഷധ നിർമ്മാതാക്കൾക്കെതിരെ നടപടി സ്വീകരിച്ചുവരികയാണെന്നും സമഗ്രമായ ആരോഗ്യ നയം പ്രഖ്യാപിക്കുന്നതോടൊപ്പം നിർദ്ദിഷ്ട ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബിൽ നിയമമാകുമ്പോൾ ഇത്തരത്തിലുള്ളവയെ കർശനമായി നിയന്ത്രിക്കാൻ സാധിക്കുമെന്നും മന്ത്രി വ്യക്തമാക്കി. അന്ധവിശ്വാസങ്ങൾക്കെതിരെ ജനങ്ങളെ ബോധവത്കരിക്കുന്നതിന് എല്ലാവരും സഹകരിക്കണമെന്നും സെലിബ്രിറ്റികളും മാധ്യമസ്ഥാപനങ്ങളും വ്യാജ ഉത്പന്നങ്ങളുടെ പ്രചാരകരാകാതിരിക്കാൻ ശ്രദ്ധിക്കണമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

21(*303) എം.പി.മാരുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ സംവിധാനം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തിന്റെ വികസനാവശ്യങ്ങൾക്കായി ലോകസഭ, രാജ്യസഭ എം.പി.മാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി എല്ലാ പാർലമെന്റ് സമ്മേളനങ്ങൾക്ക് മുമ്പും എം.പി.മാരുടെ സമ്മേളനം ചേരാറുണ്ടെന്നും കേന്ദ്രസർക്കാരിന്റെ അടിയന്തര ശ്രദ്ധ പതിയേണ്ടതും പാർലമെന്റ് സമ്മേളനങ്ങളിൽ ഉന്നയിക്കേണ്ടതും കേന്ദ്രഗവൺമെന്റിൽ follow up ആവശ്യമായതുമായ വിഷയങ്ങൾ പ്രസ്തുത സമ്മേളനത്തിൽ ചർച്ച ചെയ്യാറുണ്ടെന്നും എം.പി. സെല്ലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ ഇടപെടുന്നുണ്ടെന്നും സഭയെ അറിയിച്ചു. റെയിൽവേ അടക്കമുള്ള കേന്ദ്ര പൊതുമേഖലാ നിക്ഷേപങ്ങളിലെ കുറവും സ്വകാര്യവത്കരണവും റബ്ബർ ഉൾപ്പെടെയുള്ള വാണിജ്യവിളകളുടെയും സുഗന്ധവ്യഞ്ജനങ്ങളുടെയും വിലയിടിവും സംബന്ധിച്ച് പാർലമെന്റ് അംഗങ്ങളുടെ യോഗത്തിൽ ചർച്ച ചെയ്തിട്ടുണ്ടെന്നും ഇക്കാര്യം വീണ്ടും ഉന്നയിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. വിഴിഞ്ഞം തുറമുഖത്തിനു പുറമെ കുളച്ചൽ തുറമുഖംകൂടി വേണമെന്നത് കേന്ദ്ര ഗവൺമെന്റ് നിലപാടാണെന്നും സംസ്ഥാനത്തിനുവേണ്ടി പ്രഖ്യാപിച്ച കാര്യങ്ങൾ നേടിയെടുക്കുന്നതിന് ശ്രമിക്കുന്നുണ്ടെന്നും റെയിൽ അപകടങ്ങൾ

തുടർച്ചയായ സാഹചര്യത്തിൽ റെയിൽവേ വകുപ്പുമന്ത്രിക്ക് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കത്തുകൾ അയച്ചിട്ടുണ്ടെന്നും കേരളാ ഹൗസിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി സഭയെ അറിയിച്ചു.

22(*304) <u>ഹരിതകേരളം കൺസോർഷ്യം</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, ഹരിത കേരളം കൺസോർഷ്യം വഴി ശുചിത്വം, മാലിന്യ സംസ്കരണം, കൃഷി വികസനം, ജലസംരക്ഷണം എന്നീ മേഖലകളിൽ ഊന്നൽ നൽകിയിട്ടുള്ള ബൃഹത്തായ പദ്ധതിയാണ് നടപ്പിലാക്കുന്നതെന്നും ജലസ്രോതസ്സിൽ മാലിന്യം നിക്ഷേപിക്കുന്നവർക്ക് കടുത്ത ശിക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നിയമനിർമ്മാണം സംബന്ധിച്ച് പരിശോധിക്കാവുന്നതാണെന്നും സഭയെ അറിയിച്ചു. നൂറ് ദിന പദ്ധതികളിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ജനപ്രതിനിധികളെയും ബഹുജന പ്രസ്ഥാനങ്ങളെയും സഹകരിപ്പിച്ചുകൊണ്ട് വിശദമായ പരിപാടികൾ തയ്യാറാക്കി മാലിന്യസംസ്കരണ പദ്ധതി നല്ല രീതിയിൽ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഭവനരഹിതരായവർക്കായി സമ്പൂർണ്ണ ഭവന പദ്ധതിയാണ് വിഭാവന ചെയ്തിരിക്കുന്നതെന്നും അടിസ്ഥാന സൗകര്യങ്ങളും മറ്റ് ആധുനിക സൗകര്യങ്ങളുമടങ്ങിയ വിവിധ നിലകളുള്ള കെട്ടിട സമുച്ചയമാണ്

ഉദ്ദേശിക്കുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2609 മുതൽ 2975 വരെയുള്ള ചോദ്യങ്ങളിൽ 19 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)